VOL I, No.3
2020 JANUARY-JUNE
1194-95 മിഥുനം-വൃശ്ചികം

*A peer reviewed research journal*

# ചെങ്ങഴി

# CHENGAZHI



# ഉള്ളടക്കം


എം ബഷീറിന്റെ കവിത
കെ.ജി.എസ്. 9

ജനപ്രിയത മലയാളകവിതയിൽ
നീതു സി. സുബ്രഹ്മണ്യൻ 13

5-7-5 അഥവാ പ്രതിസ്വരത്തിന്റെ ഹൈകു
നിധീഷ്.കെ.പി 24

ബയോ-ഭീകരതയും കവിതയും
കെ. വിനോദ് ചന്ദ്രൻ 31

ഇതാ, കാവ്യാനുഭൂതികളെ കല്ലെറിയുന്ന ഒരു കവി!
എൻ. പ്രഭാകരൻ 42

രണ്ടു കവികൾ കവിതകൾ
സജയ് കെ.വി. 67

ആധുനികതാവാദകവിത: ഒരു ചരിത്രാവലോകനം
എൻ. അജയകുമാർ 71

ചിരിയുടെ വ്യംഗ്യങ്ങൾ
നന്ത്യത്ത് ഗോപാലകൃഷ്ണൻ 85

ഒറ്റ: രാഘവൻ അത്തോളിയുടെ കവിത
എം.ബി. മനോജ് 92

ജീവിതത്തിന്റെ ത്രിമാനങ്ങൾ
വി. അബ്ദുൾ ലത്തീഫ് 101

സാമൂഹികമാധ്യമവും കവിതയും
സിബു മോടയിൽ 109

കവിത എന്ന പ്രതിരോധപദ്ധതി പി.എൻ. ഗോപീകൃഷ്ണന്റെ കവിതകൾ
ആർ. ചന്ദ്രബോസ് 115

പുരുഷവൈകാരിതയുടെ ഭാഷണങ്ങൾ
കവിതാ രാമൻ 126

# സാമൂഹികമാധ്യമവും കവിതയും

ഡോ.സിബു മോടയിൽ

അധ്യാപകൻ, മലയാളവിഭാഗം, യു.സി.കോളജ്, ആലുവ

**സംഗ്രഹം**

ഭാഷാവ്യവഹാരത്തിൽ എല്ലാ തലങ്ങളിലും അട്ടിമറി നടത്തിയ ഇടപെടലായി സാമൂഹികമാധ്യമങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്താം. ആധുനികാനന്തരതയ്ക്ക് ഉത്തരഘട്ടമുണ്ടായെന്നും അത് അതിവേഗത്തിൽ കലാസാഹിത്യമേഖലകളിൽ സിദ്ധാന്തവത്കരണത്തിനുപോലും നിന്നുകൊടുക്കാതെ അപ്രതീക്ഷിതവഴിത്തിരിവുകൾ ഉണ്ടാക്കുന്നുവെന്നും ഉള്ള തിരിച്ചറിവിന്റെ കാലമാണിത്. ആധുനികതയെ നമുക്ക് നിർവ്വചിക്കാൻ കഴിഞ്ഞു. ഉത്തരാധുനികതയേയും ഒരു പരിധിവരെ നിർവ്വചിച്ചു. എന്നാൽ സൈബർ കാലം അതിന്റെ സാഹിത്യത്തെ ഒരു വാക്യത്തിലോ ഒരു ഖണ്ഡികയിലോ ഒതുക്കി പരിചയപ്പെടുത്താൻ കഴിയാത്തവിധത്തിൽ ബഹുവിധമായ സംവേദന സാധ്യതകൾ നിരന്തരം തുറന്നുകൊണ്ടിരിക്കുന്നു. ആ സാധ്യതകളുടെയും അതിന്റെ ഫലങ്ങളുടെയും വിശകലനം സമകാലികമലയാളകവിതയെ മുൻനിർത്തി നിർവ്വഹിക്കാനാണ് ഈപ്രബന്ധത്തിൽ ശ്രമിച്ചിരിക്കുന്നത്. നവമാധ്യമകവിത ഹൈപ്പർലിങ്കുകളിലൂടെ വായനയുടെ പുതിയ സാധ്യത തുറക്കുന്നതിനെപ്പറ്റിയും സംവാദക്ഷമതയുള്ള പുതിയ കാവ്യഭാഷ നിർമ്മിക്കുന്നതിനെപ്പറ്റിയും പ്രത്യേകം സൂചിപ്പിച്ചിരിക്കുന്നു.

സാമൂഹികമാധ്യമങ്ങളാണ് ഇന്ന് ഭാഷാപരിണാമത്തിന്റെ ചരടുവലി നിർവ്വഹിക്കുന്നത്. ഭാഷ സാമൂഹികമാധ്യമത്തിലൂടെ കടക്കുമ്പോൾ കേവലം അർത്ഥപരിണാമത്തിനു മാത്രമല്ല പുതിയതരം അർത്ഥസംവേദനത്തിനും സാഹചര്യമുണ്ടാക്കുന്നു. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് സംവാദക്ഷമത (Interacive Potentiality) യാണ്. ഇത്തരമൊരു സംവാദക്ഷമത ഭാഷയ്ക്കുണ്ടാകുന്നത് നവമാധ്യമങ്ങളുടെ സ്വാധീനത്താലാണ്. പഴയ സാഹിത്യനിരൂപകന്റെ പണി ഇന്ന് നാട്ടുകാർ മുഴുവനും ഏറ്റെടുത്തിരിക്കുകയാണ്. ഊള, കിടിലം, കിടുക്കാച്ചി, പൊളിസാനം തുടങ്ങിയ പ്രയോഗങ്ങളിലൂടെ അവർ ഖണ്ഡനവും മണ്ഡനവും നിർവ്വഹിക്കും. എന്നാൽ കോശാധിഷ്ഠിത ആശയകവിതയുടെ കാലത്ത് വായനയുടെ ഈ സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടിരുന്നില്ല. ഭാഷയുടെ സംവേദനക്ഷമതയുടെ പരിധിയെപ്പറ്റിയുള്ള ധാരണയില്ലായ്മ അച്ചടിയുടെ പ്രഭാവകാലത്ത് ഉണ്ടായിരുന്നു. അതിന്റെ സംവാദസാധ്യതയും അതുകൊണ്ടുതന്നെ അടയ്ക്കപ്പെട്ടിരുന്നു.എന്നാൽ സാമൂഹികമാധ്യമങ്ങളുടെ

ഇടപെടൽശേഷി ഭാഷയുടെ സംവാദസാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താനുള്ള അവസരമാണ് ഉണ്ടാക്കിയത്. ഇത് തിരിച്ചറിഞ്ഞ കവികൾ ഇന്ന ധാരാളമുണ്ട്. കാവ്യഭാഷയുടെ സംവാദക്ഷമത പുതിയ കണ്ടുപിടുത്തമാണ് എന്ന് ഇവിടെ ഉദ്ദേശിക്കുന്നില്ല. സച്ചിദാനന്ദനും കെ.ജി. ശങ്കരപ്പിള്ളയുമൊക്കെ വളരെ നേരത്തേതന്നെ ഇത് മനസ്സിലാക്കിയവരാണ്. എന്നാൽ ഇന്റർനെറ്റും സാമൂഹികമാധ്യമങ്ങളും ഭാഷയിലുണ്ടാക്കിയ പരിവർത്തനത്തിന്റെ ഭാഗമായി കമന്റുകൾക്ക് പ്രേരണ നൽകുന്ന തരത്തിലുള്ള പോസ്റ്റുകളെ അനുസ്മരിപ്പിക്കുന്ന കവിതകൾ സാമൂഹികമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഭാഷയുടെ വിനിയോഗത്തിൽ വന്ന സമീപനവ്യതിയാനമാണ് ഇതിനൊരു കാരണം. ഭാഷയുടെ യഥോചിതമായ ഉപയോഗം സംവാദക്ഷമതയുടെ അനേകം വഴികൾ തുറന്നിടുന്ന എന്നത് വെബ് 2.0 ഘട്ടത്തിലുണ്ടായ സവിശേഷസാഹചര്യമാണ്.

പഴയ കവിത പുതിയ ബ്ലോഗിൽ ഇട്ടതുകൊണ്ടോ അച്ചടിമാധ്യമത്തിലെ കവിത ഫെയ്സ്ബുക്കിലോ വാട്സാപ്പിലോ ഷെയർ ചെയ്തതുകൊണ്ടോ അത് ലിഖിതാനന്തരകവിതയാവില്ല. അച്ചടിച്ചുപോയതുകൊണ്ട് ലിഖിതാനന്തരകവിത അല്ലാതെയാവുകയുമില്ല. മറിച്ച് അതിലെ ഭാഷ സംവാദത്തിന് നിർബന്ധിക്കുന്നുണ്ടോ എന്നതാണ് പ്രധാനം. സുറാബിന്റെ 'ഒളിച്ചുകളി' എന്ന കവിതയുടെ തുടക്കം നോക്കൂ

"എവിടെയോ ഞാൻ
ഒളിച്ചിരിപ്പുണ്ട്
കണ്ടുപിടിക്കാമോ?"(പുതുകവിത ബ്ലോഗ്)

വിഷ്ണുപ്രസാദിന്റെ 'ഓരി' എന്ന കവിതയുടെ തുടക്കം നോക്കാം

"സുബഹ് ബാങ്കിനോടൊപ്പം
എന്റെ വീട്ടിലെ നായ എല്ലാ ദിവസവും
ഓരിയിടുന്നു."

(ഫെയ്സ്ബുക്ക് പോസ്റ്റ് ജൂലൈ 2 2020)

ഏകാന്തതയിലെ കാല്പനികവിചാരങ്ങളല്ല ലൈക്കും ഷെയറും കാംക്ഷിക്കുന്ന പുതുകവിയുടേത്. ആളുകളെ പ്രചോദിപ്പിക്കാനും പ്രകോപിപ്പിക്കാനും പ്രതികരിപ്പിക്കാനും സാധ്യമാകുന്ന തരത്തിൽ ഭാഷയുടെ വിനിയോഗം നിർവ്വഹിക്കാനാണ് അവർ താല്പര്യപ്പെടുന്നത്. അതിനുള്ള സാധ്യത ഭാഷയുടെ പ്രത്യേകതയാണ്. എന്നാൽ അത് തിരിച്ചറിയപ്പെടുന്നത് സാമൂഹികമാധ്യമങ്ങളുടെ കാലത്താണെന്നു മാത്രം.

സംവാദം പോലെതന്നെ പൂരണവും സാമൂഹികമാധ്യമങ്ങളിലെ കവിതകളിൽ സംഭവിക്കുന്നുണ്ട്. ചുവട്ടിൽ വരുന്ന കമന്റുകൾക്ക് അനുസൃതമായി ചില എഡിറ്റിങ് പ്രക്രിയകൾ നടക്കുന്നതായി സാമൂഹികമാധ്യമങ്ങളിലെ കവിതകൾ നിരീക്ഷിച്ചാൽ മനസ്സിലാകും. പരോക്ഷമായ കൂട്ടുകർതൃത്വം അവിടെ സംഭവിക്കുന്നുണ്ട്. എന്നാൽ നിർമ്മിതബുദ്ധിയുടെ സഹായത്താൽ കവിതാരചന മലയാളത്തിൽ ആരംഭിച്ചിട്ടില്ല. സർഗ്ഗാത്മകതയുള്ള ഗെയിമുകൾ ഉള്ള സ്ഥിതിക്ക് നിർമ്മിതബുദ്ധികവിതകൾ ജൈവകവി എന്ന പുതിയ പ്രയോഗംകൂടി ഭാഷയിൽ ഉണ്ടാക്കിയേക്കാം.

കവിതപ്പെരുപ്പത്തിൽ നവമാധ്യമകവിത തെരഞ്ഞെടുക്കുക ഇത്തിരി ദുഷ്കരമാണ്. പഴഞ്ചൻ ഭാവുകത്വമുള്ള കവിതകൾ നവമാധ്യമത്തിൽ ചെലവാകുമോ എന്ന് പരീക്ഷിക്കാനിറങ്ങുന്ന ഹതഭാഗ്യവാന്മാർ ഉണ്ടാക്കി വയ്ക്കുന്ന വിപത്ത് ചില്ലറയല്ല. കവിത എന്നാൽ കള്ളക്കാല്പനികത എന്ന് ആളുകളെക്കൊണ്ട് പറയിക്കുവാനേ അത്തരം പോസ്റ്റുകൾ ഉതകുകയുള്ളൂ. എന്നാൽ മാധ്യമഭാഷയോടും മാധ്യമശൈലിയോടും അടുപ്പം സൂക്ഷിക്കുന്ന ഭാഷയാണ്

യഥാർത്ഥനവമാധ്യമകവിതയിൽ കാണുന്നത്. വിരൽത്തുമ്പിൽ ദൃശ്യസഞ്ചയമുള്ള കാലത്ത് ദൃശ്യാനുഭവം പകരാത്ത എഴുത്തിനു സ്വീകാര്യത കുറയുമെന്നുള്ള തിരിച്ചറിവ് ഇത്തരമൊരു ഭാഷയുടെ രൂപീകരണത്തിന് കാരണമായിട്ടുണ്ട്. ചിത്രകലയേക്കാളും ചലച്ചിത്രകലയോടാണ് ആ ഭാഷയ്ക്കടുപ്പം. ചലനപ്രതീകങ്ങളാണ് അതിന്റെ മുഖമുദ്ര. എം.ജി രവികുമാറിന്റെ 'സന്തോഷിന്റെ അച്ഛൻ മരിച്ച ദിവസം' നല്ല ഉദാഹരണമാണ്. വിഷ്ണുപ്രസാദിന്റെ മിക്ക കവിതകളും ഈ ഗണത്തിൽ പെടുത്താവുന്നവയാണ്. 'ശവത്തോടൊപ്പം നമ്മൾ ലിഫ്റ്റിറങ്ങുകയാണ്' എന്ന കവിതയിലെ വാഹനപ്രതീകങ്ങൾ ശ്രദ്ധിച്ചാൽ ദൃശ്യങ്ങളെയും ചലനങ്ങളെയും പാരമ്പര്യേതരരീതിയിൽ ആവിഷ്കരിക്കുന്നതിന്റെ മാതൃക കിട്ടും. ജീവന്മരണപ്പോരാട്ടത്തിന്റെ സൂക്ഷ്മാനുഭവം കവിത എന്ന മാധ്യമത്തിലൂടെ അവതരിപ്പിക്കുമ്പോൾ വാക്ധോരണിയിലല്ല കവി ശ്രദ്ധിക്കുന്നത്. ചലനത്തിന്റെ കാവ്യഭാഷ തിരിച്ചറിഞ്ഞ ലിഖിതാനന്തരകവിയെയാണ് നാം അവിടെ കാണുന്നത്.പട്ടാമ്പിയിലേക്ക് പോകുന്ന ആംബുലൻസും തമ്പാനൂരേക്കു പോകുന്ന ഓട്ടോറിക്ഷയും ചലനത്തിന്റെ നിലയ്ക്കാത്ത ആവർത്തനതാളം സൃഷ്ടിക്കുന്നു. ചലനത്തിൽ ആരംഭിച്ച് ചലനത്തിൽ അവസാനിക്കുന്ന കലാരൂപമാണ് സിനിമ. ഇവിടെ കവിത അവസാനിക്കുന്നതും ചലനത്തിലാണ്,വർത്തമാനത്തിലാണ്. "അപ്പോഴും താഴെ എത്താത്ത ലിഫ്റ്റിൽ ശവത്തോടൊപ്പം നമ്മൾ ഇറങ്ങിക്കൊണ്ടിരിക്കയാണ്" (പ്രതിഭാഷാ ബ്ലോഗ് 2011 മെയ് 1) 'മണ്ണിനടിയിൽ ഞങ്ങൾ നീന്തിക്കൊണ്ടിരുന്നു' എന്ന കവിത മറ്റൊരു ഉദാഹരണമാണ്. 'പട്ടാപ്പകൽ 11.30ന് അഥവാ സഞ്ചാരസ്വാതന്ത്ര്യത്തെക്കുറിച്ച് 60 കിലോമീറ്റർ സ്പീഡിൽ ഒരു കവിത'എന്ന കവിത മുണ്ടശ്ശേരിശൈലിയിൽ പറഞ്ഞാൽ പുതുമാധ്യമകവിതയുടെ ലക്ഷണമൊത്ത ഒന്നാംതരം ഉരുപ്പടിയാണ്. മേൽപ്പറഞ്ഞ ചലനഭാഷയുടെ നൈരന്തര്യത്തിന് ഇടയ്ക്കിടക്ക് "ഞങ്ങളുടെ ഡ്രൈവർ നല്ല വിടല് വിട്ടു" എന്ന് കവിതയിൽ ആവർത്തിക്കുന്നുണ്ട്.

പുതിയ സ്ഥലകാലസങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട പ്രമേയപരിസരങ്ങൾ നവമാധ്യമകവിതയുടെ പ്രത്യേകതയാണ്.ആധുനികതയിൽ അസ്തിത്വവ്യഥയായിരുന്നു മുഖ്യപ്രമേയം. ആധുനികാനന്തരഘട്ടത്തിൽ പരിസ്ഥിതി, സ്ത്രീ, ദളിത് തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങളെ കേന്ദ്രീകരിച്ച് കവിതയുടെ പ്രമേയപരിധി വിസ്തൃതമാകുന്നതും കാണാം. എന്നാൽ ആധുനികാനന്തരതയുടെ ഉത്തരഘട്ടത്തിൽ സൂക്ഷ്മരാഷ്ട്രീയത്തിന്റെ വഴിയിലേക്ക് കവിത പ്രവേശിച്ചപ്പോൾ ഒട്ടേറെ ക്ലീഷേകളാണ് അട്ടിമറിക്കപ്പെട്ടത്. ആധുനികതയിലെ ദാർശനികഭാരം ആധുനികാനന്തരഘട്ടത്തിലും കാല്പനികതയിലെ കരച്ചിൽശൈലി ആധുനികഘട്ടത്തിലും നിരാകരിക്കപ്പെട്ടതുപോലെ ആധുനികാനന്തരഘട്ടത്തിന്റെ പൂർവ്വഘട്ടത്തിൽ കവിതയുമായി ബന്ധപ്പെട്ട് രൂപപ്പെട്ട പല കീഴ്വഴക്കങ്ങളും ഉത്തരഘട്ടത്തിൽ തള്ളിക്കളയപ്പെട്ടു. അത്തരമൊരു സാഹചര്യമുണ്ടായത് സാമൂഹികമാധ്യമങ്ങൾ ഭാഷയിലുണ്ടാക്കിയ ചില അട്ടിമറികളാലാണ്. അസഭ്യമെന്ന് വിലക്കപ്പെട്ടിരുന്ന പല പ്രയോഗങ്ങളും സഭ്യമെന്നോണം പരിഗണിക്കപ്പെട്ടുവന്നത് സാമൂഹികമാധ്യമങ്ങളുടെ പ്രചാരത്തോടെയാണ്. അസഭ്യമെന്നു കരുതപ്പെട്ട പല പ്രയോഗങ്ങളും നർമ്മഭാഷണത്തിന്റെ തലത്തിലേക്ക് മാറ്റപ്പെട്ടു. ഒരു കാലത്ത് അപമാനമായി കരുതപ്പെട്ടിരുന്ന പല പ്രയോഗങ്ങളും കാലക്രമേണ ലളിതനർമ്മത്തിന്റെ വഴിയിലേക്ക് മാറ്റപ്പെട്ടതിനു പിന്നിൽ സാമൂഹികമാധ്യമമായിരുന്നുവെന്ന് മിഷേൽ സാപ്പവിങ്ങെ നിരീക്ഷിക്കുന്നുണ്ട്(2012:61) ഈ മാറ്റം തിരിച്ചറിഞ്ഞവരാണ് നവമാധ്യമകവികൾ. അതുകൊണ്ടാണ് അവർ വിമർശകരോട് 'കോപ്പിലെ സദാചാരം' എന്ന് കവിതയിലൂടെത്തന്നെ മറുപടി നൽകുന്നത്.

ജാതിസ്വത്വത്തെയും ലിംഗസ്വത്വത്തെയും ഉടച്ചുനിരത്താനും അതിസാങ്കേതികതയ്ക്കാകും. അതുകൊണ്ട് പെൺകവിത, ദളിത്കവിത തുടങ്ങിയ ലേബലുകൾ നവമാധ്യമകവിതയ്ക്ക് ഇണങ്ങാൻ

സാധ്യതയില്ല. സ്ത്രീഭാഷയെയും പുരുഷഭാഷയെയും അങ്ങനെതന്നെ നിലനിർത്തുന്ന സാമൂഹിക സാഹചര്യങ്ങൾ മാറിക്കഴിഞ്ഞതിനാലും അജ്ഞാത പോസ്റ്റുകളുടെയും പ്രച്ഛന്ന എഴുത്തിന്റെയും ഇടമായി സാമൂഹികമാധ്യമങ്ങൾ മാറിക്കഴിഞ്ഞതിനാലും നവമാധ്യമകവിത പഴയ രാഷ്ട്രീയസമവാക്യങ്ങളെയെല്ലാം തിരുത്തുന്ന സാഹചര്യമാണുള്ളത്. താൻ ദളിത് കവിയല്ല എന്ന് എസ്. ജോസഫ് പ്രഖ്യാപിക്കുന്നതും ഇതോടൊപ്പം പരിഗണിക്കാവുന്നതാണ്.

സമൂഹമാധ്യമങ്ങൾ ഒരു ഭാഷയിലെ വ്യത്യസ്തമായ വാക്യഘടനാരീതികളെ കൂട്ടിക്കലർത്തുകയും നിലവിലില്ലാത്ത പുതിയ വാക്യരചനാസാധ്യതകളെ വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഭാഷയുമായി ബന്ധപ്പെട്ട ഔപചാരിക അനൗപചാരികഭേദങ്ങളെ അത് സമപ്പെടുത്തുകയും ചെയ്യുന്നു. ഉത്സവപ്പറമ്പിനെ അനുസ്മരിപ്പിച്ചുകൊണ്ട് നാനാതരക്കാർ ഒരുമിക്കുന്ന ഇടം എന്ന നില അത്തരം പ്രക്രിയയെ ത്വരിതപ്പെടുത്തുന്നുമുണ്ട്. സമൂഹമാധ്യമങ്ങളിലെ കവിതകളിൽ അത് പ്രകടവുമാണ്. വ്യത്യസ്തമായ വാക്യവ്യവസ്ഥകളോട് കലഹിച്ചും സമരസപ്പെട്ടുമാണ് മാധ്യമകവിത ശ്രദ്ധേയമാകുന്നതെന്ന് എറിക് വോസ് അഭിപ്രായപ്പെടുന്നുണ്ട്(2007: 207) അച്ചടിമാധ്യമസംസ്കാരത്തിൽ ബഹിഷ്കൃതമാകാമായിരുന്ന രചനകൾക്ക് കിട്ടുന്ന ഇടം എന്ന നിലയിലും നവമാധ്യമങ്ങൾ ശ്രദ്ധിക്കപ്പെടുന്നത് ഭാഷയുടെ കാര്യത്തിലുള്ള തുറന്ന സാധ്യതകൊണ്ടുമാണ്.

സത്യാനന്തരസമൂഹത്തിന്റെ നേർചിത്രങ്ങൾ വരയ്ക്കാനും ലിഖിതാനന്തരകവിത ശ്രമിക്കുന്നു. സാമൂഹികമാധ്യമങ്ങൾ തുറന്നിടുന്ന സംവാദപരമായ അന്തരീക്ഷം അതിനു സഹായകമാണ്. അസത്യത്തെ തീണ്ടാപ്പാടകലെ നിർത്തേണ്ടതില്ലെന്ന സമീപനം ഇന്ന് വ്യാപകമാകുന്നു. വിലക്കുകളെയും നിയമങ്ങളെയും ചട്ടക്കൂടുകളെയും ദുർബ്ബലപ്പെടുത്തുന്ന തരത്തിലും പിതൃശാസനകളെ കോമാളിവിഷയമാക്കുന്ന തരത്തിലും ഉള്ള ട്രോളുകൾ സമൂഹമാധ്യമത്തിൽ പെരുകുന്ന കാലമാണിത്. മുമ്പ് പിതൃസത്തയും മാതൃസത്തയുമൊക്കെ ആവിഷ്കരിച്ചിരുന്ന കവിതയുടെ ഇടത്തിലേക്ക് സത്യത്തെയും നുണയെയും തിരിച്ചറിയാൻ അസാധ്യമായ ഒരു തലം അവതരിപ്പിക്കുന്ന എഴുത്തുകൾ ഉണ്ടാകുന്നു. സത്യാനന്തരഘട്ടത്തിന്റെ പ്രതിനിധാനമെന്ന നിലയിൽ ലേഖകന്റെ 'മറുവെടി' എന്ന കവിത ഉദ്ധരിക്കുന്നു:

നീ അഴി എണ്ണും
എണ്ണാനറിയില്ല സാർ.
നീ ഉണ്ട തിന്നും.
ഇഷ്ടമാണു സാർ
നിനക്കു ഞാൻ വച്ചിട്ടുണ്ട്
താങ്ക്യൂ സാർ.

എല്ലാവരും കാണുന്നു, എല്ലാവരും ഇടപെടുന്നു എന്ന നവമാധ്യമസവിശേഷത എഴുത്തുകാരന്റെയും വായനക്കാരന്റെയും വർണ്ണ്യത്തിലുള്ള ആശങ്കയെ വർദ്ധമാനമാക്കുന്നു. അത് വെറും ആശങ്കയല്ല യാഥാർത്ഥ്യം തന്നെയാണെന്ന് അവരെ ബോധ്യപ്പെടുത്താനും നവമാധ്യമങ്ങൾ നിർബന്ധിക്കുന്നു. ഇത്തരം ബോധ്യങ്ങളാണ് സത്യാനന്തരസമൂഹത്തിന്റെ ലഘുത്വവാസനയെ വളർത്തുന്നത്. ആധുനികതയിലെ ദാർശനികഭാരത്തോട് തുലനം ചെയ്യുമ്പോഴേ സമൂഹത്തിനുണ്ടായ പരിണാമത്തിന്റെ തോത് വെളിപ്പെടുകയുള്ളൂ. ബ്ലോഗെഴുത്തിൽ സജീവമായവരുടെ രചനകളിലാണ് ഇത്തരം പ്രമേയങ്ങൾ കൂടുതലായി കാണുന്നത്:

പതുക്കെ
അതു വാതിലാകും

ഉള്ളിൽ കയറിച്ചെന്ന
കസേരയിൽ ഇരിക്കും
ക്ഷീണിച്ച് തളർന്ന്
കട്ടിലായി കിടക്കും"

(ആ മരം,കഴ്സർ വിത്സൺ,ബ്ലോഗ് -അച്ചടിമലയാളം നാട്ടുകടത്തിയ കവിതകൾ 2015)

ശീർഷകവക്രതയിലുള്ള അതിരുകവിഞ്ഞ ജാഗ്രത നവമാധ്യമകവിതയുടെ പ്രത്യേകതയാണ്. പരസ്യനിർമ്മാതാവിന്റെ വിപണനതന്ത്രത്തെ അനുസ്മരിപ്പിക്കുന്ന തരത്തിലാണ് പലരും ശീർഷകങ്ങൾ നൽകുന്നത്.

കവിതയ്ക്ക് എപ്പോഴും കമ്പോളത്തിന് പുറത്താണ് സ്ഥാനമെങ്കിലും കമ്പോളത്തിന്റെ ഭാഗമായ മാധ്യമശീലങ്ങൾ കവികൾക്കും ഉണ്ടാകാം. അത് ലൈക്കിലും ഷെയറിലും ഊന്നം വയ്ക്കുന്നു. അച്ചടിമാധ്യമത്തിൽ പ്രസിദ്ധീകൃതമായ രചനകൾ കവികൾതന്നെ അല്പംപോലും വൈകാതെ നവമാധ്യമങ്ങളിൽ പങ്കുവയ്ക്കുന്നു. കുരീപ്പുഴ ശ്രീകുമാറിന്റെ ഇന്നുവായിച്ച കവിത പോലെ കവിതയ്ക്കുവേണ്ടി മാത്രമുള്ള സംരംഭങ്ങൾ ഫെയ്സ്ബുക്കിലൂടെയും മറ്റും മുന്നോട്ട് കൊണ്ടുപോകുന്നവർ ധാരാളമുണ്ട്. ഇവയിൽനിന്നെല്ലാം അരിച്ചെടുക്കേണ്ട ഒന്നാണ് മാധ്യമകവിത. നവമാധ്യമകവിത ഹൈപ്പർലിങ്കുകളിലൂടെ വായനയുടെ സവിശേഷസാധ്യതകളെല്ലാം പ്രയോജനപ്പെടുത്തുന്നവയാണ്. അത് പണ്ടത്തെ ഭാവഗീതങ്ങളെപ്പോലെ ഏകാഗ്രതയുള്ളവയല്ല. ഒറ്റ ക്ലിക്കിലൂടെ മറ്റൊരിടത്തേക്ക് എത്താമെന്നതുപോലെ ഒട്ടേറെ സൂചനാപ്പലകകൾപോലെ വർത്തിക്കുന്ന പ്രയോഗങ്ങൾ നവമാധ്യമകവിതയിലുണ്ടാകും. സമകാലികസംഭവങ്ങളിലേക്ക് പോകാനോ പോകാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം വായനക്കാരിൽ നിക്ഷിപ്തമാണ്. അവിടത്തെ വിസങ്കേതന പ്രക്രിയയിൽ സഹായകമാകുന്നത് സമൂഹമാധ്യമങ്ങളിലെതന്നെ അർത്ഥപരിസരവുമായിരിക്കും. എന്നാൽ നവമാധ്യമകവിതയെ പഴയ നിരൂപകന്മാർ വിലയിരുത്തുന്നതിന് ഇറങ്ങി പുറപ്പെട്ടാൽ ഏകാഗ്രതയില്ലാത്ത രചനകൾ എന്ന തീർപ്പ കല്പിക്കും. പഴയ രചനകളൊക്കെ വായിച്ച് എഴുതി തെളിയാനുള്ള/ഞെളിയാനുള്ള കുറിപ്പടിയും ഡോക്ടർനിരൂപകൻ നൽകും. നവമാധ്യമരചനകളാണ് ഉദാത്തം എന്നല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മറിച്ച് നവമാധ്യമരചനകളുടെ വ്യതിരിക്തസവിശേഷതകൾ തിരിച്ചറിയാതെയുള്ള വിലയിരുത്തലുകളുടെ നിരർത്ഥകതയാണ് സൂചിപ്പിച്ചത്.

ശ്രദ്ധയുടെ താല്ക്കാലികത പ്രധാനസവിശേഷതയാകുമ്പോഴും പ്രതിസംസ്കാരനിർമ്മിതിക്കുള്ള ഉപായമെന്ന നിലയിലും സമൂഹമാധ്യമങ്ങളിലെ രചനകളെ കാണാവുന്നതാണ്. ഒരേസമയം സ്വീകാര്യതയുടെയും തിരസ്കാരത്തിന്റെയും അനുഭവങ്ങൾ നവമാധ്യമങ്ങൾ പ്രദാനം ചെയ്യുന്നതുകൊണ്ടാണ് ഈ സാധ്യത നിലനില്ക്കുന്നതുതന്നെ. സാധാരണപോസ്റ്റുകൾക്ക് ലഭിക്കാത്ത വലിയ സ്വാതന്ത്ര്യമാണ് കവിത എന്ന മാധ്യമത്തിന് ഇക്കാര്യത്തിൽ ലഭിക്കുന്നത്. സമൂഹമാധ്യമത്തിലെ കവിത പോസ്റ്റുകളുടെ പേരിൽ എഴുത്തുകാർ ആക്രമിക്കപ്പെട്ട ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടെങ്കിലും ഏതൊരു രാഷ്ട്രീയവും 'ഒളിപ്പിച്ച് കടത്താൻ' ഇത്രയും സൗകര്യപ്രദമായ സാഹിത്യമാധ്യമം വേറെയില്ല.

മലയാളത്തിലെ എണ്ണമറ്റ ഭാഷാഭേദങ്ങളുടെ സൗന്ദര്യം വെളിപ്പെടുത്തുന്നു എന്നതും നവമാധ്യമകവിതയുടെ സവിശേഷതയാണ്. സിനിമയിൽ ഇത് വിപണിമൂല്യത്തോടെ വിനിയോഗിക്കപ്പെടാൻ തുടങ്ങിയിട്ട് വളരെക്കാലമായി. സൈബർസ്പേസിൽ പ്രാദേശികതയ്ക്ക് എന്താണ് ഇടം എന്ന സംശയം ഇവിടെ ഉണ്ടാകാം. എന്നാൽ ഗ്ലോക്കാലിറ്റിയുടെ സവിശേഷസാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ പ്രസ്തുതസംശയം ഇല്ലാതാകും.

മേൽ പരാമർശിച്ചവ കൂടാതെ യൂ ട്യൂബിലും ഫെയ്സ്ബുക്കിലും എല്ലാം ധാരാളം കവിതയെന്ന ലേബലിൽ പ്രചരിക്കുന്നുണ്ട്. കവിത ശബ്ദതലത്തിലും പ്രചരിക്കാം. ധ്യമങ്ങളിലൂടെയും ആവാം. എന്നാൽ "ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം എന്നു തുടങ്ങുന്ന മനോഹരമായ പരിസ്ഥിതിഗാനത്തിൽ കവിത കണ്ടെത്തുന്നത് സംതന്നെയാണ്.

ചുരുക്കിപ്പറഞ്ഞാൽ നവമാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച എന്നതുകൊണ്ടുമാത്രം രചന നവമാധ്യമകവിത ആവുകയില്ല. നവമാധ്യമകവിതയുടെ സൗന്ദര്യശാസ്ത്രം അത് ആധുനികതയുടെ ഉത്തരഘട്ടത്തിന് വ്യത്യസ്തമായ നിർവ്വചനവ്യാപ്തി നൽകുന്നു. ഹൈപ്പർലിങ്കുകളിലൂടെയുള്ള വായനയ്ക്കു വഴിയൊരുക്കുന്നു. പഴയ സ്ഥലകാലസങ്കല്പങ്ങളെയും പരമ്പരാഗതശൈലികളെയും എല്ലാം അട്ടിമറിച്ചുകൊണ്ട് കാവ്യഭാഷയെത്തന്നെ നവീകരി

## ആധാരസാമഗ്രികൾ

ബിമിനിത് ബി.എസ്. (2014) നവമാധ്യമങ്ങളുടെ പുതിയ ആകാശങ്ങൾ കേരള പ്രസ് അക്കാദമി,

Eric Vos (2007) 'Media Poetry–Theory and Strategies' in Media Poery: An Internationa Anthology ed. by Eduardo Kac, Intellect Books, Chicago.

Michele Zappavingne (2012) Discourse of Twitter and Social Media Continnum, London

Ruth E., Page (2013).

Stories and Social Media, Routledge, UK.

## Other Sources

Blogs, Facebook, Youtube.

ഡോ.സിബു മോടയിൽ



ആലുവ യു.സി.കോളജ് മലയാളവിഭാഗത്തിൽ അധ്യാപകൻ, കൃതികൾ: ദിക്കാരി, ...പ്പോൾ, വെശന്നും വെഷമിച്ചും (കവിതാസമാഹാരങ്ങൾ), അരങ്ങു മുതൽ അപ്പോളി... നാടക പഠനം), കത്തുന്ന കാലുകൾ (കവിതാ പഠനം), പ്രതീക നിഘണ്ടു, ... ണ്ടുക്കൾ), നാന (വിവർത്തനം) ഭാഷ: നവീനപഠനവഴികൾ, സിനിമ കലയും രാഷ്ട്രീയവും ... യു.ജി.സിയുടെ 2014-16 ലെ റിസർച്ച് അവാർഡ് ലഭിച്ചിട്ടുണ്ട്.